## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഉത്തരവുകൾ

62(3530) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കുന്ന എല്ലാ ഉത്തരവുകളും വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദമാക്കാമോ;

(ബി) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (സി) വകുപ്പ് ഫയൽ നമ്പർ സി2/95/ 2019/ഐ. & പി.ആർ. വിവരാവകാശ നിയമം 2005 പ്രകാരം തീർപ്പാക്കിയ ഫയലിന്റെ നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ;

### ഉത്തരം

(എ) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നിറങ്ങുന്ന ഉത്തരവുകൾ മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നിറങ്ങുന്ന ഉത്തരവുകൾപോലെ തന്നെ സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ലാണ് പ്രസിദ്ധീകരിക്കുന്നത്. ഇവ പ്രത്യേകമായി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറില്ല.

(ബി) അനുബന്ധമായി ചേർക്കുന്നു*.

## പ്രവാസി ഡിവിഡന്റ് പദ്ധതി

63(3531) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി നിക്ഷേപങ്ങൾക്ക് പ്രതിമാസം പത്ത് ശതമാനം ലാഭവിഹിതം നൽകുന്ന പ്രവാസി ഡിവിഡന്റ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) കേരള പ്രവാസി ക്ഷേമ ബോർഡ് ഇത് സംബന്ധമായി 2017 സെപ്റ്റംബറിൽ സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുക ഉണ്ടായോ;

(സി) ഇതുമായി ബന്ധപ്പെട്ട ഫയൽ ഉത്തരവാകാതെ പൊതുഭരണ, ധനകാര്യ, നിയമ, നോർക്ക വകുപ്പുകളിലായി നിരവധി തവണ ചുറ്റിത്തിരിഞ്ഞതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രവാസി മലയാളികളുടെ ഈ സ്വപ്നപദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly